LIBRARY ARCHIVES Kerala Legislative Assembly

വഴക്കാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

211. [215] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ചെറുകിട വ്യവസായ ഡെപ്യൂട്ടി കമ്മീഷണറുടെ അതിർത്തിയിൽപ്പെട്ട വെമ്പായം പഞ്ചായത്തിൽ വഴക്കാട് എന്ന സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ നടത്തിയ പരിശോധനയുടെ ഫലമെന്തായി ;

(ബി) ഇതേപ്പറ്റി 26-11-1976-ൽ, നമ്പർ 540/76/എം (ഈ ആൻറ് എച്ച്) ആയി ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം ചെറുകിട വ്യവസായ കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ചെറുകിട വ്യവസായ കമ്മീഷണർ ഇതിൻമേൽ എന്തു നടപടി എടുത്തു ?

ഉത്തരം

(എ) ജില്ലാതല പരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് തയ്യാറായി വരുന്നു. അതു ലഭിച്ചതിനുശേഷം സ്റ്റേറ്റ് ലവൽ കമ്മിറ്റി വീണ്ടുമൊരു പരിശോധന നടത്തുന്നതും അന്തിമ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(ബി) ഉണ്ട്.

(സി) നടപടികൾ എടുത്തുവരുന്നു.

കയറ്റുമതി ചെയ്യപ്പെടുന്ന കെൽട്രോൺ ഉല്പന്നങ്ങൾ

212. [216] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൻെറ ഏതെങ്കിലും ഉല്പന്നം ഇപ്പോൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഉല്പന്നമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ കയറ്റുമതിയിലൂടെ ഇതിനകം എത്രരൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റാബിലൈസേഴ്സ്, ക്രിസ്റ്റൽസ്, കൌൺടേഴ്സ് എന്നീ ഉല്പന്നങ്ങളാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നത്.

(സി) ഏകദേശം ഏഴര ലക്ഷം രൂപ വിലയ്ക്കുള്ള ഉല്പന്നങ്ങൾ ഇതുവരെ കയറ്റുമതി ചെയ്തിട്ടുണ്ട്.

നെയ്ത്തു തൊഴിലാളികൾ

213. [217] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെയുള്ള നെയ്ത്തുതൊഴിലാളികൾ എത്ര ;

(ബി) ഇതിൽ കണ്ണൂർ ജില്ലയിൽ എത്ര തൊഴിലാളികൾ ഉണ്ട് ;